**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3108** **04-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രീ. ജെറിൻ ജെയിംസിന്റെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകിയ മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ജെറിൻ ജെയിംസിന്റെ അപേക്ഷ കോട്ടയം കളക്ടർ ആവശ്യമായ രേഖകൾ സഹിതമാണോ സർക്കാരിന് സമർപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ശ്രീ. ജെറിൻ ജെയിംസ് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിനോടൊപ്പം അപേക്ഷകൻ സമർപ്പിക്കേണ്ടുന്ന സത്യവാങ്മൂലം നിശ്ചിത മാതൃകയിലുള്ളതല്ലായിരുന്നു. ആശ്രിത നിയമന അപേക്ഷയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രസ്തുത പോരായ്മ സർക്കാർ ആവശ്യപ്പെട്ടതിനെതുടർന്ന് 22.07.2021 ലെ DCKTM/4010/2020-SS1 കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ പരിഹരിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ശ്രീ. ജെറിൻ ജെയിംസിന്റെ അപേക്ഷ നിശ്ചിത ഫോമിൽ അല്ല കോട്ടയം കളക്ടറേറ്റിൽ നിന്നും ഫോർവേഡ് ചെയ്തത് എന്ന പരാതി പരിഹരിച്ചിട്ടുണ്ടോ. പ്രസ്തുത അപേക്ഷ സർക്കാരിന് കൈമാറിയിട്ടുണ്ടോ.എന്നാൽ എന്ന് കൈമാറി എന്ന് വ്യക്തമാക്കാമോ; | (ബി) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മുൻ CPO.K6382 ജെയിംസിന്റെ ആശ്രിതൻ ശ്രീ. ജെറിൻ ജെയിംസ് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിനോടൊപ്പം അപേക്ഷകൻ സമർപ്പിക്കേണ്ടുന്ന സത്യവാങ്മൂലം നിശ്ചിത മാതൃകയിലുള്ളതല്ലായിരുന്നു. ആശ്രിത നിയമന അപേക്ഷയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രസ്തുത പോരായ്മ സർക്കാർ ആവശ്യപ്പെട്ടതിനെതുടർന്ന് 22.07.2021 ലെ DCKTM/4010/2020-SS1 കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടർ പരിഹരിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷയിൻമേൽ എപ്പോൾ തീരുമാനം എടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ. പ്രസ്തുത അപേക്ഷയിൽ എത്രയും വേഗം പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സേവനത്തിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനത്തിന് ശ്രീ. ജെറിൻ ജെയിംസ് അർഹനാണ് എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത തസ്തികയിൽ |

| | | | |
|---|---|---|---|
| | | | നിയമനം നൽകുന്നതിനായി പോലീസ് വകുപ്പിൽ ഒഴിവില്ലാത്തതിനാൽ, വാലിഡ് അപേക്ഷത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് ഒഴിവ് കണ്ടെത്തി ശ്രീ. ജെറിൻ ജെയിംസിന് ആശ്രിത നിയമനം നൽകുന്നതിലേയ്ക്കായി ടിയാളെ സംബന്ധിക്കുന്ന വിവരങ്ങളടങ്ങുന്ന പ്രൊഫോർമ, 24.05.1999 ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 30.07.2021 ലെ കെ3/128/2020-ആഭ്യന്തരം പ്രകാരം കൈമാറിയിട്ടുണ്ട്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ നിന്നും പ്രസ്തുത നിയമനത്തിനായുള്ള ഒഴിവ് അറിയിക്കുന്ന മുറയ്ക്ക് ശ്രീ. ജെറിൻ ജെയിംസിന് നിയമനാനുമതി നൽകി സർക്കാർ ഉത്തരവാകുന്നതാണ്. മേൽ വിവരം ശ്രീ. ജെറിൻ ജെയിംസിനെ 30.07.2021 ലെ കെ3/128/2020-ആഭ്യന്തരം കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ